## കാറ്റഗറി നമ്പർ 152/2023
## ഒൻപതാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ സംവരണ വിഭാഗത്തിൽപ്പെട്ട എസ്.സി.സി.സി സമുദായത്തിൽപ്പെടുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു.

1 വകുപ്പ് : മെഡിക്കൽ വിദ്യാഭ്യാസം

2 ഉദ്യോഗപ്പേര് : ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II

3 ശമ്പളം : ₹ 35,600 – 75,400/-

4 ഒഴിവുകളുടെ എണ്ണം : എസ്.സി.സി.സി (പരിവർത്തിത ക്രിസ്ത്യാനികൾ)-01 (ഒന്ന്)

ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി ഈ തസ്തികയുടെ 30.12.2008-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്ഭവിച്ചതും (Cat.No. 114/2007) എന്നാൽ നികത്തപ്പെടാത്തതുമായ SCCC സമുദായത്തിന്റെ എല്ലാ എൻ.സി.എ ഊഴങ്ങളിലേക്കും ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശയും നിയമനവും നൽകി ഒഴിവുകൾ നികത്തപ്പെടുന്നതുവരെയായിരിക്കും. താഴെപറയുന്ന വിജ്ഞാപനങ്ങൾ പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലാണ് ഒൻപതാമതായി ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

| ഗസറ്റ് തീയതി | കാറ്റഗറി നമ്പർ |
|---|---|
| 30.12.2009 | 481/2009 – ഒന്നാം എൻ.സി.എ |
| 30.12.2010 | 430/2010 – രണ്ടാം എൻ.സി.എ |
| 30.04.2012 | 151/2012 – മൂന്നാം എൻ.സി.എ |
| 17.09.2015 | 262/2015 – നാലാം എൻ.സി.എ |
| 30.12.2016 | 500/2016 – അഞ്ചാം എൻ.സി.എ |
| 24.09.2018 | 169/2018 – ആറാം എൻ.സി.എ |
| 16.11.2020 | 266/2020 – ഏഴാം എൻ.സി.എ |
| 30.12.2021 | 678/2021 –എട്ടാം എൻ.സി.എ |

5. നിയമന രീതി : പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം.

കുറിപ്പ്:- എസ്.സി.സി.സി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. പ്രായപരിധി : 18-39, ഉദ്യോഗാർത്ഥികൾ 02.01.1984 നും 01.01.2005 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) -ലെ ആനുകൂല്യം ഉൾപ്പെടെ.) (വയസ്സിളവിനെ സംബന്ധിച്ച മറ്റു നിബന്ധനകൾക്ക് വിജ്ഞാപന ത്തിലെ പൊതുവ്യവസ്ഥകളിലെ 2 ഖണ്ഡിക നോക്കുക ഖണ്ഡിക 2(i)ഒഴികെ). യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50(അൻപത്) വയസ്സ് കവിയാൻ പാടില്ല.

കുറിപ്പ് : പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവിന് അർഹതയുണ്ട്.

7. യോഗ്യതകൾ : 1) കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ്സ്ടു ജയിച്ചിരിക്കണം.